LIBRARY ARCHIVES Kerala Legislative Assembly

## എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം

44 (4376) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്, ആലപ്പുഴ ജില്ലകളിൽ നിലവിലുള്ള എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റുകളിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ലിസ്റ്റുകളിൽനിന്നും നിയമനം നടത്തുന്നതിന് ഇനിയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാനുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എത്രയും വേഗം പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ - 19-6-2015 വരെ 263 പേർക്ക് നിയമന ശിപാർശ നൽകി. പാലക്കാട് - 2-7-2015 വരെ 228 പേർക്ക് നിയമന ശിപാർശ നൽകി.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും നിലവിലുള്ളതും ഉണ്ടാകാനിടയുള്ളതുമായ ഒഴിവുകൾ അതാത് മാസം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## കായികതാരങ്ങൾക്ക് നിയമനങ്ങളിൽ ഗ്രേസ് മാർക്ക്

45 (4377) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മികച്ച കായിക താരങ്ങൾക്ക് കെ.പി.എസ്.സി. നടത്തുന്ന ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളിലെ നിയമനങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകാറുണ്ടോ ;

(ബി) നിലവിൽ ഏതൊക്കെ കായിക ഇനങ്ങൾക്കാണ് ഇത്തരത്തിൽ ഗ്രേസ് മാർക്ക് നൽകുന്നത് ;

(സി) കൂടുതൽ കായിക ഇനങ്ങൾക്കു കൂടി ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച No. KSSC/B4/417 dated 6-6-2014 പ്രൊപ്പോസലിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?